# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3630** **14.03.2017-ൽ മറുപടിക്ക്**

## സുകൃതം പദ്ധതി

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.വി.എസ്.ശിവകമാർ** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച സുകൃതം പദ്ധതിക്കായി ഈ സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) | സുകൃതം പദ്ധതിയ്ക്കായി വാർഷിക പദ്ധതിയിൽ പ്രത്യേക ശീർഷകം ഇല്ലാത്തതിനാൽ തുടർ പദ്ധതി എന്ന രീതിയിൽ ഈ സാമ്പത്തിക വർഷം ഫണ്ട് വകയിരുത്തിയിട്ടില്ല. പദ്ധതിയുടെ ആരംഭത്തിൽ സർക്കാരിൽ നിന്ന് നേരിട്ട് ആശുപത്രികൾക്ക് നൽകിയ കോർപ്പസ് ഫണ്ട് മാത്രമാണ് സുകൃതം പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ളത്. |
| ബി) | നാളിതുവരെ എത്രപേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; ഇതുമായി ബന്ധപ്പെട്ട് എത്ര കോടി രൂപയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ; | ബി) | സുകൃതം പദ്ധതി അർബുദ ചികിത്സയുള്ള എട്ട് സർക്കാർ ആശുപത്രികളിലാണ് ആദ്യഘട്ടത്തിൽ നടപ്പിലാക്കിയത്. തിരുവനന്തപുരം ആർ.സി.സി, മലബാർ കാൻസർ സെന്റർ, കണ്ണൂർ, തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നീ സ്ഥാപനങ്ങളിലാണ് സുകൃതം പദ്ധതി നടപ്പിലാക്കിയത്. ആർ.സി.സി, മലബാർ കാൻസർ സെന്റർ, ജനറൽ ഹോസ്പിറ്റൽ എറണാകുളം എന്നീ സ്ഥാപനങ്ങളിൽ 8899 രോഗികൾക്ക് സുകൃതത്തിന്റെ പ്രയോജനം ലഭിക്കുകയുണ്ടായി. പ്രസ്തുത സ്ഥാപനങ്ങളിൽ നാളിതുവരെ 50.18 കോടി രൂപ സുകൃതം പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ 3270 രോഗികൾക്ക് 10,61,04,201/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| സി) | 2015-16 കാലയളവിൽ സുകൃതം പദ്ധതിക്കായി എത്ര കോടി രൂപയാണ് ചെലവഴിച്ചത്; എത്രപേർക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചുവെന്ന് വിശദമാക്കാമോ; | സി) | 2015-16 കാലയളവിൽ മലബാർ കാൻസർ സെന്ററിന് 3 കോടി 84 ലക്ഷം രൂപയും ആർ.സി.സി യിൽ 10 കോടി 81 ലക്ഷം രൂപയും എറണാകുളം ജനറൽ ആശുപത്രിയിൽ 2 കോടി 74 ലക്ഷം രൂപയും ചെലവഴിക്കുകയുണ്ടായി. ആർ.സി.സി യിൽ 2508 രോഗികൾക്കും മലബാർ കാൻസർ സെന്ററിൽ 924 രോഗികൾക്കും എറണാകുളം ജനറൽ ആശുപത്രിയിൽ 863 രോഗികൾക്കും ഈ പദ്ധതിയിലൂടെ ധനസഹായം ലഭിക്കുകയുണ്ടായി.<br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><th>മെഡിക്കൽ കോളേജ്</th><th>രോഗികളുടെ എണ്ണം</th><th>ചെലവഴിച്ച തുക</th></tr>
<tr><td>തിരുവനന്തപുരം</td><td>82</td><td>59,27,639</td></tr>
<tr><td>ആലപ്പുഴ</td><td>50</td><td>91,05,154</td></tr>
<tr><td>കോട്ടയം</td><td>157</td><td>2,00,00,000</td></tr>
<tr><td>തൃശ്ശൂർ</td><td>1552</td><td>17,25,159</td></tr>
<tr><td>കോഴിക്കോട്</td><td>151</td><td>53,90,364</td></tr>
</table>
</td>
</tr>
<tr>
<td>ഡി)</td>
<td>ഈ പദ്ധതിയുടെ ഗുണഫലം അർഹരായവർക്ക് ലഭിക്കുന്നുണ്ടോയെന്ന കാര്യം ഉറപ്പുവരുത്തിയിട്ടുണ്ടോ?</td>
<td>ഡി)</td>
<td>ആരോഗ്യവകുപ്പിന് കീഴിലുള്ള എറണാകുളം ജനറൽ ആശുപത്രിയിൽ 2016 ജനുവരി മാസത്തോടുകൂടി തന്നെ പൂർണ്ണമായും വിനിയോഗിക്കുകയും ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചു എന്ന് ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. ആർ.സി.സി, മലബാർ കാൻസർ സെന്റർ, ഡി.എം.ഇ എന്നീ സ്ഥാപനങ്ങളിൽ പി.ആർ.ഒ മാരെ നിയോഗിക്കുകയും ഫണ്ട് വിനിയോഗത്തെ കുറിച്ച് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നുണ്ട്. അർഹരായ രോഗികൾക്ക് മാത്രമാണ് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്.</td>
</tr>
</table>

**സെക്ഷൻ ഓഫീസർ**